5801
25/3/19

കേരള സർക്കാർ

**സംഗ്രഹം**

മറയൂർ ചന്ദന ഡിവിഷന്റെ കീഴിൽ 09.02.2017, 10.02.2017 എന്നീ തീയതികളിൽ നടന്ന ചന്ദനലേലത്തിൽ കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ വിളിച്ചെടുത്ത 50.300 Kg ചന്ദനത്തിൽ ഡ്രൈയേജ് സംഭവിച്ച 1.600 കി. ഗ്രാം ചന്ദനത്തിന്റെ വിലയായ 22,651/- രൂപ (ഇരുപത്തി രണ്ടായിരത്തി അറുനൂറ്റി അൻപത്തി ഒന്ന് രൂപ മാത്രം) തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (ബി) വകുപ്പ്**

സ.ഉ.(സാധാ)നം.37/2019/വനം തീയതി, തിരുവനന്തപുരം, 30/01/2019

---

പരാമർശം :- പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) 17/11/2018 – ലെ പ്രൊ (5)-36883/18 നമ്പർ കത്ത്.

**ഉത്തരവ്**

മറയൂർ ചന്ദന ഡിവിഷന്റെ കീഴിൽ 09.02.2017, 10.02.2017 എന്നീ തീയതികളിൽ നടന്ന ചന്ദനലേലത്തിൽ കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ എന്ന സ്ഥാപനം വിളിച്ചെടുത്ത ബഗ്രദാദ് ഇനത്തിൽപ്പെട്ട ചന്ദനത്തിന്റെ വിലയായി 6,73,517/- രൂപ ദേവികുളം സബ്ട്രഷറിയിൽ ഒടുക്കിയിട്ടുണ്ടെന്നും, എന്നാൽ വിളിച്ചെടുത്ത 50.300 Kg ചന്ദനത്തിൽ 1.600 Kg ഡ്രൈയേജ് സംഭവിച്ചതിനാൽ 48.700 Kg ചന്ദനം റിലീസ് ചെയ്യുകയും, ഡ്രൈയേജ് സംഭവിച്ച 1.600 Kg ചന്ദനത്തിന്റെ വിലയായ 22,651/- രൂപ (ഇരുപത്തി രണ്ടായിരത്തി അറുനൂറ്റി അൻപത്തി ഒന്ന് രൂപ മാത്രം) തിരികെ നൽകുന്നതിനായി റീഫണ്ട് ബില്ല് നൽകിയിരിക്കുകയുമാണെന്നും പരാമർശം പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) സർക്കാരിനെ അറിയിച്ചു.

2. ലേലത്തിൽ വയ്ക്കുന്നതിനായി എടുത്ത തൂക്കത്തിൽ നിന്നും കാലാവസ്ഥയുടെ വ്യതിയാനം മൂലം ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നത് സ്വാഭാവികമാണെന്നും, മഴക്കാലത്തും മഞ്ഞുകാലത്തും തൂക്കം നോക്കി ലേലത്തിൽ വച്ച ഉത്പന്നങ്ങൾ ഉഷ്ണകാലത്ത് റിലീസ് ചെയ്യുമ്പോൾ തൂക്കത്തിൽ കുറവ് വരുന്നത് സ്വാഭാവികമാണെന്നും, ചന്ദനത്തടിക്ക് Hygroscopic Nature ഉള്ളതിനാലാണ് ഡ്രൈയേജ് സംഭവിച്ചതെന്നും, ജനുവരിയിൽ ക്ലീൻ ചെയ്ത് ശേഖരിച്ച ചന്ദനത്തടികൾ ജനുവരി മാസത്തിലെ ലേലത്തിനു മുമ്പായി തൂക്കിയെടുക്കുന്നതിൽ നിന്നും കുറവുകൾ മാർച്ച് - മേയ് മാസങ്ങളോടെ ഉണ്ടാവുന്നത് സ്വാഭാവികം മാത്രമാണെന്നും, ആയതിനാൽ 2% - ൽ കൂടുതൽ ഡ്രൈയേജ് സംഭവിച്ച 1.600 കി. ഗ്രാം ചന്ദനത്തിന്റെ ബിൽ തുകയായ 22,651/- രൂപ (ഇരുപത്തി രണ്ടായിരത്തി അറുനൂറ്റി അൻപത്തി ഒന്ന് രൂപ മാത്രം) റീഫണ്ട് ചെയ്യുന്നതിനാവശ്യമായ സർക്കാർ അംഗീകാരം ലഭ്യമാക്കണമെന്നും പരാമർശം പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) അഭ്യർത്ഥിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലേലത്തിൽ വയ്ക്കുന്നതിനായി എടുത്ത തൂക്കത്തിൽ നിന്നും കാലാവസ്ഥയുടെ വ്യതിയാനം മൂലം ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നത് സ്വാഭാവികമാണെന്നും, മഴക്കാലത്തും മഞ്ഞുകാലത്തും തൂക്കം നോക്കി ലേലത്തിൽ വച്ച ഉത്പന്നങ്ങൾ ഉഷ്ണകാലത്ത് റിലീസ് ചെയ്യുമ്പോൾ തൂക്കത്തിൽ കുറവ് വരുന്നത് സ്വാഭാവികമാണെന്നും, ചന്ദനത്തടിക്ക് Hygroscopic Nature ഉള്ളതിനാലാണ് ഡ്രൈയേജ് സംഭവിച്ചതെന്നും, ജനുവരിയിൽ ക്ലീൻ ചെയ്ത് ശേഖരിച്ച ചന്ദനത്തടികൾ ജനുവരി മാസത്തിലെ ലേലത്തിനു മുമ്പായി തൂക്കിയെടുക്കുന്നതിൽ നിന്നും കുറവുകൾ മാർച്ച് - മേയ് മാസങ്ങളോടെ ഉണ്ടാവുന്നത് സ്വാഭാവികം മാത്രമാണെന്നും, ഡ്രൈയേജ് സംഭവിച്ച 1.600 കി. ഗ്രാം ചന്ദനത്തിന്റെ ബിൽ തുകയായ 22,651/- രൂപ (ഇരുപത്തി രണ്ടായിരത്തി അറുന്നൂറ്റി അൻപത്തി ഒന്ന് രൂപ മാത്രം) റീഫണ്ട് ചെയ്യുന്നതിന് അനുമതി നൽകണമെന്നുള്ള പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) -ന്റെ ശുപാർശ പരിഗണിച്ചും, മറയൂർ ചന്ദന ഡിവിഷന്റെ കീഴിൽ 09.02.2017, 10.02.2017 എന്നീ തീയതികളിൽ നടന്ന ചന്ദനലേലത്തിൽ കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ വിളിച്ചെടുത്ത 50.300 Kg ചന്ദനത്തിൽ ഡ്രൈയേജ് സംഭവിച്ച 1.600 കി. ഗ്രാം ചന്ദനത്തിന്റെ വിലയായ 22,651/- രൂപ (ഇരുപത്തി രണ്ടായിരത്തി അറുന്നൂറ്റി അൻപത്തി ഒന്ന് രൂപ മാത്രം) തിരികെ നൽകുന്നതിനുള്ള അനുമതി പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാൻഡ് & റിസോഴ്സസ്) ക്ക് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)

**അനിൽകുമാർ വി. എസ്.**

**ഡെപ്യൂട്ടി സെക്രട്ടറി**

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ &ഇ) കേരള, തിരുവനന്തപുരം

ധനകാര്യ (അഗ്രി വിങ്- സി) വകുപ്പ് (27.12.2018 ലെ യു.ഒ നം.അഗ്രി-സി2/129/2018-ധന പ്രകാരം)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ